"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - കൊടുങ്ങല്ലൂർ ശ്രീകാളീശ്വരി തിയേറ്റർ മാനേജിംഗ് പാർട്ണർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) No. 6598/2014 കേസിലെ ബഹു. ഹൈക്കോടതിയുടെ 25.03.2024 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.572/2025/CLAD തീയതി,തിരുവനന്തപുരം, 08-10-2025

---

പരാമർശം:-

1. കൊടുങ്ങല്ലൂർ ശ്രീ കാളീശ്വരി തിയേറ്റർ മാനേജിംഗ് പാർട്ണൽ സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച 11.02.2014 ലെ അപേക്ഷ.
2. W.P.(C) No. 6598/2014 കേസിലെ ബഹു. ഹൈക്കോടതിയുടെ 25.03.2024 ലെ വിധിന്യായം.
3. കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറിയുടെ 22.08.2024 ലെ റിപ്പോർട്ട്.
4. കെ.എസ്.എഫ്.ഡി.സി കമ്പനി സെക്രട്ടറിയുടെ 23.08.2024 ലെ 4696/റ്റി3/24/കെ.എസ്.എഫ്.ഡി.സി നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊടുങ്ങല്ലൂർ ശ്രീ കാളീശ്വരി തിയേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനായി Fire & Rescue Department ൽ നിന്നുള്ള N.O.C സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കണം എന്ന് അഭ്യർത്ഥിച്ച് മാനേജിംഗ് പാർട്ണർ പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ (Ext. P9) സമർപ്പിച്ചിരുന്നു. തുടർന്ന് ടിയാൻ 2014 ൽ ബഹു. ഹൈക്കോടതിയിൽ W.P.(C) No. 6598/2014 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് പരിഗണിച്ച ബഹു. ഹൈക്കോടതി പരാർശം (2) ഉത്തരവിൽ, വിധി പകർപ്പ് ലഭിച്ച് 5 മാസങ്ങൾക്കുള്ളിൽ പരാതിക്കാരനെ നേരിൽ കേട്ട ശേഷം Ext. P9 പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 1-ാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി.

2. ഹർജിക്കാരന്റെ വാദം ചുവടെ ചേർക്കുന്നു.

മുൻസിപ്പാലിറ്റിയുടെ അനുമതിയോടുകൂടി താൻ 50 വർഷത്തിലധികം പഴക്കമുള്ള സിനിമാ തിയേറ്ററിനെ Digital format ൽ ഉള്ള രണ്ട് മിനി

തിയേറ്ററുകളാക്കി മാറ്റി. ആയതിൽ മൊത്തം വിസ്തീർണത്തിൽ മാറ്റം വരുത്താതെ Internal alteration മാത്രമാണ് നടത്തിയിട്ടുള്ളത്. തിയേറ്ററിന് PWD യിൽ നിന്നും Structural Soundness Certificate ഉം, കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയിൽ നിന്നും Suitability Certificate ഉം ലഭിച്ചിട്ടുണ്ട്. 50 വർഷം പഴക്കമുള്ള കെട്ടിടം പുതുക്കുമ്പോൾ NOC നൽകുന്നതിനുള്ള നിലവിലെ dimensions കെട്ടിടത്തിന് ഇല്ല എന്ന കാരണത്താൽ Fire & Rescue Department ൽ നിന്നുള്ള Fire NOC ലഭിച്ചിട്ടില്ല. Fire NOC ആവശ്യമുള്ള പുതിയ തിയേറ്ററല്ല താൻ നിർമ്മിച്ചിട്ടുള്ളത്. Renewal fees അടച്ചിട്ടുണ്ട്. ഇക്കാരണത്താൽ Fire NOC സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കണം.

**3. കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം,**

ശ്രീകാളീശ്വരി തിയേറ്റർ മാനേജിംഗ് പാർട്ട്ണർ ആയ ശ്രീ.വി.ആർ.സജീവ് നിലവിലെ ശ്രീകാളീശ്വരി തിയേറ്റർ രണ്ട് മിനി തീയേറ്ററുകളായി INTERNAL ALTERATION നടത്തി പ്രവർത്തിപ്പിക്കുന്നതിന് COMPLETION CERTIFICATE 05.02.2013-ൽ സമർപ്പിച്ചിരുന്നു. ആയതിന് DIVISION OFFICER, FIRE & RESCUE SERVICE ന്റെ NOC ലഭ്യമാക്കുന്നതിന് നഗരസഭ ആവശ്യപ്പെട്ട പ്രകാരം FIRE NOC യ്ക്ക് അപേക്ഷിക്കുന്നതിനായി അപേക്ഷകൻ FIRE PLAN സമർപ്പിക്കുകയും ആയത് DIVISION OFFICE, FIRE & RESCUE SERVICE ലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്.

FIRE FIGHTING സംവിധാനങ്ങൾ ഏർപ്പെടുത്തി ഫയർ ഫോഴ്സ് ഡിപ്പാർട്ടുമെന്റിന്റെ NOC ആറ് മാസത്തിനുള്ളിൽ ഹാജരാക്കി കൊള്ളാമെന്ന് 19.03.2013 ലെ 19-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരവും, 19.03.2013-ൽ ശ്രീ.വി.ആർ.സജീവ് എഴുതി സമർപ്പിച്ച എഗ്രിമെന്റ് വ്യവസ്ഥകൾ പരിഗണിച്ചും INTERNAL ALTERATION നടത്തി നിർമ്മാണം പൂർത്തീകരിച്ച രണ്ട് മിനി തിയേറ്ററുകൾക്ക് FIRE NOC ആറ് മാസത്തിനുള്ളിൽ ഹാജരാക്കാമെന്ന ഉറപ്പിന്മേലാണ് OCCUPANCY CERTIFICATE അനുവദിച്ചു നൽകിയിട്ടുള്ളത്. എന്നാൽ ആറ് മാസ സമയപരിധി 18.09.2013-ന് അവസാനിക്കുന്നതിന് മുമ്പു തന്നെ NOC ഹാജരാക്കുന്നതിന് 12.09.2013-ൽ ശ്രീ. സജീവിന് നഗരസഭയിൽ നിന്നും നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത നോട്ടീസിനുള്ള മറുപടിയിൽ ഫയർ എൻ. ഒ. സി ലഭിക്കുന്നതിനുള്ള ഫീസ് ആയ 15000/- രൂപ ഗവ.ട്രഷറിയിൽ ഒടുക്കി ആവശ്യമായ ഫയർ പ്ലാൻ നഗരസഭ സെക്രട്ടറി മുഖേന ഫയർ ഫോഴ്സ് ഡിപാർട്ട്മെന്റിലേയ്ക്ക് 26/07/2013-ൽ നഗരസഭയിൽ നിന്നും അയച്ചു കൊടുത്തിട്ടുള്ള വിവരം ഉടമ സൂചിപ്പിക്കുകയും ഫയർഫോഴ്സ് ഡിപാർട്ട്മെന്റിന്റെ ഇൻസ്പെക്ഷൻ കഴിഞ്ഞ് എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് നഗരസഭയിൽ ഹാജരാക്കി കൊള്ളാമെന്നും ആയതുവരെ സിനിമാ പ്രദർശനം നടത്തുന്നതിന് അനുമതി നൽകണമെന്നുമുള്ള ശ്രീ.സജീവിന്റെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയും 30.01.2014 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഉടമയെ നേരിൽ വിളിച്ച് 04/02/2014 ൽ നഗരസഭ ചെയർപേഴ്സൺന്റെ അദ്ധ്യക്ഷതയിൽ വിഷയം ചർച്ച ചെയ്യുകയും താഴെ ചേർക്കുന്ന തിരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

1) ശ്രീകാളീശ്വരി മിനി തീയേറ്ററുകൾക്ക് ആവശ്യമായ, ഫയർ ഫോഴ്സ് ഡിപ്പാർട്ടുമെന്റിന്റെ ഇനീഷ്യൽ ഫയർ NOC 15 ദിവസത്തിനുള്ളിൽ ഹാജരാക്കാമെന്ന് കക്ഷി സമ്മതിച്ചു.

2) ശ്രീകാളീശ്വരി മിനി തിയേറ്ററുകൾക്ക് ആവശ്യമായ ഫൈനൽ ഫയർ NOC, 30 ദിവസത്തിനുള്ളിൽ ഹാജരാക്കാമെന്ന് കക്ഷി സമ്മതിച്ചു.

3) ഇനിഷ്യൽ ഫയർ NOC ഹാജരാക്കിയതിനുശേഷം വിഷയം അടുത്ത കൗൺസിൽ യോഗത്തിൽ വയ്ക്കുന്നതിനു തീരുമാനിച്ചു.

എന്നാൽ ഉടമയായ വി.ആർ.സജീവ് നഗരസഭയുമായി 19.03.2013-ൽ ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകളും 04.02.2014-ൽ ബഹു. നഗരസഭാ ചെയർപേഴ്സൺന്റെ അദ്ധ്യക്ഷതയിൽ നടത്തിയ കുടിക്കാഴ്ചയിൽ സമ്മതിച്ച തീരുമാനങ്ങളും പാടേ ലംഘിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയിൽ WP (C) 6598/2014 നമ്പറായി കേസ് ഫയൽ ചെയ്യുകയാണ് ഉണ്ടായത്.

മൾട്ടിപ്പിൾ സ്ക്രീൻ ഉള്ളതും A/C സൗകര്യമുള്ളതുമായ ശ്രീകാളീശ്വരി തീയേറ്ററിന് FIRE FIGHTING സംവിധാനം ഏർപ്പെടുത്തി FIRE NOC ഹാജരാക്കേണ്ടത് ഉടമയായ ശ്രീ.വി.ആർ.സജീവിന്റെ ഉത്തരവാദിത്തമാണ്. പൊതുജനങ്ങളിൽ നിന്നും നിശ്ചിത തുക പ്രദർശന ചാർജ്ജ് ഈടാക്കി സിനിമാ പ്രദർശനം നടത്തുന്ന തീയറ്ററുകൾക്ക് പൊതു ജനങ്ങളുടെ ജീവന് ആവശ്യമായ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും കടമയുമാണ്. ഒന്നിൽ കൂടുതൽ സ്ക്രീനുകളുള്ള തീയേറ്ററുകളിൽ ഉപയോഗിക്കുന്ന പ്രദർശന സംവിധാനങ്ങളും ഉപകരണങ്ങളും കുടുതൽ സങ്കീർണ്ണവും പ്രസ്തുത ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫയർ എൻ.ഒ.സി. ആവശ്യവുമാണ്. ടിയാൻ സമർപ്പിച്ച ALTERATION PLAN-ൽ KMBR 99 പ്രകാരമുള്ള PARKING, SANITARY സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ FIRE FIGHTING സംവിധാനങ്ങൾ ഏർപ്പെടുത്തി ഫയർ NOC വാങ്ങേണ്ടത് അനിവാര്യമായതിനാലാണ് FIRE NOC ആവശ്യപ്പെട്ടിട്ടുള്ളത്. തുടർന്ന് WP (C) 6598/14 (7) കേസിലെ 21.03.2014-ൽ ഉണ്ടായ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകി. തുടർന്നുണ്ടായ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകുകയാണ് ചെയ്തിരുന്നത്. 05.02.2016 മുതൽ 29.12.2023 വരെയുള്ള കാലയളവിൽ ഇത് വരെ 23 Fire Extinguishers കളുടെ പ്രഷർ ടെസ്റ്റ് ചെയ്തിട്ടുള്ള 28.12.2024 വരെ കാലയളവ് ഉള്ള പ്രഷർ ടെസ്റ്റ് സർട്ടിഫിക്കറ്റ് പുല്ലൂറ്റ് ഫയർ റസ്ക്യു സ്റ്റേഷൻ കൊടുങ്ങല്ലൂർ, കേരള ഫയർ ഫോഴ്സ് ഡിപാർട്ട്മെന്റ് തൃശ്ശൂർ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഹാജരാക്കുകയും, ആയത് പ്രകാരമാണ് തിയേറ്റർ പ്രവർത്തിച്ചു പോരുന്നത്. ടി സ്ഥാപനത്തിന് 2024-2025 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതും, നിലവിൽ ശ്രീകാളീശ്വരി തിയേറ്റർ സ്ക്രീൻ 1 ന്റെ

പ്രവർത്തനം 03.07.2024 മുതലും സ്ക്രീൻ 2 ന്റെ പ്രവർത്തനം 17.07.2024 മുതൽ നവീകരണ പ്രവത്തനങ്ങളുടെ ഭാഗമായി നിർത്തി വച്ചിട്ടുള്ളതാണ്.

4. ഫയർ & റസ്ക്യൂ സർവ്വീസസിൽ നിന്നും ലഭ്യമാകുന്ന No Objection Certificate (NOC) തീയേറ്റർ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ് എന്ന് കെ.എസ്.എഫ്.ഡി.സി കമ്പനി സെക്രട്ടറി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട വാദങ്ങളുടെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൾട്ടിപ്പിൾ സ്ക്രീൻ ഉള്ളതും A/C സൗകര്യമുള്ളതുമായ ശ്രീകാളീശ്വരി തീയേറ്ററിന് FIRE FIGHTING സംവിധാനം ഏർപ്പെടുത്തി FIRE NOC ഹാജരാക്കേണ്ടത് ഉടമയായ ശ്രീ.വി.ആർ.സജീവിന്റെ ഉത്തരവാദിത്തമാണ്. പൊതുജനങ്ങളിൽ നിന്നും നിശ്ചിത തുക പ്രദർശന ചാർജ്ജ് ഈടാക്കി സിനിമാ പ്രദർശനം നടത്തുന്ന തീയേറ്ററുകൾക്ക് പൊതു ജനങ്ങളുടെ ജീവന് ആവശ്യമായ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും കടമയുമാണ്. ഒന്നിൽ കൂടുതൽ സ്ക്രീനുകളുള്ള തീയേറ്ററുകളിൽ ഉപയോഗിക്കുന്ന പ്രദർശന സംവിധാനങ്ങളും ഉപകരണങ്ങളും കൂടുതൽ സങ്കീർണ്ണവും പ്രസ്തുത ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫയർ എൻ.ഒ.സി. ആവശ്യവുമാണ്. ഹർജിക്കാരൻ സമർപ്പിച്ച ALTERATION PLAN ൽ KMBR 99 പ്രകാരമുള്ള PARKING, SANITARY സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ FIRE FIGHTING സംവിധാനങ്ങൾ ഏർപ്പെടുത്തി ഫയർ NOC വാങ്ങേണ്ടത് അനിവാര്യമായതിനാലാണ് FIRE NOC ആവശ്യപ്പെട്ടിട്ടുള്ളത്. തുടർന്ന് WP (C) 6598/14 (7) കേസിലെ 21.03.2014-ൽ ഉണ്ടായ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകി. തുടർന്നുണ്ടായ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകുകയാണ് ചെയ്തിരുന്നത്. 05.02.2016 മുതൽ 29.12.2023 വരെയുള്ള കാലയളവിൽ ഇത് വരെ 23 Fire Extinguishers കളുടെ പ്രഷർ ടെസ്റ്റ് ചെയ്തിട്ടുള്ള 28.12.2024 വരെ കാലയളവ് ഉള്ള പ്രഷർ ടെസ്റ്റ് സർട്ടിഫിക്കറ്റ് പുല്ലൂറ്റ് ഫയർ റസ്ക്യു സ്റ്റേഷൻ കൊടുങ്ങല്ലൂർ, കേരള ഫയർ ഫോഴ്സ് ഡിപാർട്ട്മെന്റ് തൃശ്ശൂർ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഹാജരാക്കുകയും, ആയത് പ്രകാരമാണ് തിയേറ്റർ പ്രവർത്തിച്ചു പോരുന്നത്. ടി സ്ഥാപനത്തിന് 2024-2025 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതും, നിലവിൽ ശ്രീകാളീശ്വരി തിയേറ്റർ സ്ക്രീൻ 1 ന്റെ പ്രവർത്തനം 03.07.2024 മുതലും സ്ക്രീൻ 2 ന്റെ പ്രവർത്തനം 17.07.2024 മുതൽ നവീകരണ പ്രവത്തനങ്ങളുടെ ഭാഗമായി നിർത്തി വെച്ചിട്ടുള്ളതുമാണ്.

6. സിനിമാ തീയേറ്റർ കെട്ടിടങ്ങൾ അസംബ്ലി വിഭാഗത്തിൽപ്പെടുന്നവയാണ്. KMBR റൂൾ 5(4)(12) പ്രകാരം എല്ലാ Group D (Assembly), Group J (Multiplex)

വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് National Building Code ലെ വ്യവസ്ഥകൾ പ്രകാരമുള്ള അഗ്നിസുരക്ഷ സംവിധാനങ്ങൾ സ്ഥാപിച്ച് ഫയർ & റെസ്ക്യു സർവ്വീസ്സസ് വകുപ്പിൻ്റെ NOC ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ Fire & Rescue Department ൽ നിന്നുള്ള N.O.C ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഹർജിക്കാരന് നിർദ്ദേശം നൽകി Ext. P9 തീർപ്പാക്കിയും, അപ്രകാരം W.P.(C) No. 6598/2014 കേസിലെ ബഹു. ഹൈക്കോടതിയിലെ 25.03.2024 ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ശ്രീ. വി. ആർ. സജീവ്, മാനേജിംഗ് പാർട്ണർ, ശ്രീകാളീശ്വരി തീയറ്റർ, തെക്കേനട, കൊടുങ്ങല്ലൂർ -680 664.

റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റസ്ക്യു സ്റ്റേഷൻ, പാലക്കാട്.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി.

വിവരപൊതുജന സമ്പർക്ക് വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Renju. A. R

സെക്ഷൻ ഓഫീസർ

Date: 13-10-2025 14:53:14